(ബി) അത്തരം ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള റൺവെയ്ക്ക് എത്ര നീളം വേണമെന്ന് പ്രത്യേകിച്ച് രേഖപ്പെടുത്തിയിട്ടില്ല. റൺവെയുടെ നീളം നിശ്ചയിക്കുന്നത് താഴെപ്പറയുന്ന ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ്:

1. റൺവെയിൽ ഇറക്കാൻ ഉദ്ദേശിക്കുന്ന എയർക്രാഫ്റ്റിന്റെ കാറ്റഗറി (ഏറ്റവും ഉയർന്ന കാറ്റഗറി).
2. റൺവെ നിൽക്കുന്ന സ്ഥലത്തിന്റെ ഉയരം (സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം)
3. സ്ഥലത്തിന്റെ അന്തരീക്ഷ താപം.
4. നിർമ്മിക്കാനുദ്ദേശിക്കുന്ന റൺവെയുടെ ലോംഗിറ്റ്യൂഡിനൽ സ്ലോപ്പ്.
5. ക്രിറ്റിക്കൽ എയർക്രാഫ്റ്റിന് ആവശ്യമായ മിനിമം റഫറൻസ് ഫീൽഡ് ലെങ്ത്ത് (നിർമ്മിക്കുന്ന കമ്പനി നിഷ്കർഷിക്കുന്നത്).

(ഡി) 3050 മീറ്റർ 3400 മീറ്റർ ആയി ദീർഘിപ്പിക്കുന്നതിനുള്ള സ്ഥലമെടുക്കൽ നടപടി പുരോഗമിക്കുന്നു.

തിരുവനന്തപുരം	-	3373 മീറ്റർ
കൊച്ചി	-	3400 മീറ്റർ
കോഴിക്കോട്	-	2850 മീറ്റർ

കരിപ്പൂർ എയർപോർട്ടിന്റെ നവീകരണം

210 (218) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കരിപ്പൂർ എയർപോർട്ടിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) റൺവേ വികസനത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്തു; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് എയർപോർട്ടിന്റെ നവീകരണ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തിരുന്നത് പ്രകാരം 8 ശതമാനം കഴിഞ്ഞിരിക്കുന്നു. ഇത് താഴെപ്പറയും പ്രകാരമാണ് :

ജിയോ ഡ്രെയിൻ ചെയ്യേണ്ടിയിരുന്ന 2800 മീറ്ററിൽ 2000 മീറ്റർ പൂർത്തിയായി. Turning Pad പൂർത്തിയായി. മണിക്കൂറിൽ 120 ടൺ ശേഷിയുള്ള Computer Controlled Batching Plant സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കി റൺവേയുടെ ബലക്ഷയം വന്ന 150 മീറ്ററിൽ 30 cm ആഴത്തിൽ മേൽപോള പൊളിച്ചുമാറ്റി. മേൽ സൂചിപ്പിച്ചിരുന്ന പോലെ 2017 ഫെബ്രുവരിയോടെ റൺവേയുടെ നവീകരണം പൂർത്തിയാക്കാൻ കഴിയും.

(ബി) ഇല്ല.

നാശോന്മുഖമാകുന്ന പൈപ്പർ എയർക്രാഫ്റ്റ് വിമാനം

211 (219) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിൽ അമേരിക്കയിൽ നിന്നും കോടികൾ ചെലവഴിച്ചു വാങ്ങിയ പൈപ്പർ എയർ ക്രാഫ്റ്റ് എന്ന വിമാനം ഉപയോഗിക്കപ്പെടാതെ കിടക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിമാനം വേണ്ടത്ര പ്രവൃത്തി പരിചയമില്ലാത്ത പൈലറ്റുമാരുടെ അഭാവം കൊണ്ടാണ് ഉപയോഗിക്കാൻ കഴിയാത്തതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇപ്രകാരമൊരു വിമാനം വാങ്ങുന്നതിന് മുമ്പ് ഈ സാഹചര്യം വിലയിരുത്താതിരുന്നതിന്റെ കാരണമെന്താണ് ;

(ഡി) ഈ വിമാനം അടിയന്തര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നതാണെന്ന കാര്യം കൂടി പരിഗണിച്ച് ഇത് ഉപയോഗക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വേണ്ടത്ര പ്രവൃത്തി പരിചയമില്ലാത്ത പൈലറ്റുമാരുടെ അഭാവം കൊണ്ടാണ് വിമാനം ഉപയോഗിക്കാൻ കഴിയാത്തതെന്ന ആക്ഷേപം വസ്തുതാപരമായി ശരിയല്ല. വിമാനത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ Airworthiness